File No.LSGD-FM2/207/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊച്ചി നഗരസഭ- വജ്ര ജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ "ഉണർവ്" എന്ന കലാപരിപാടി സംഘടിപ്പിച്ചതിന് തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.394/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/02/2021**

**പരാമർശം:-** 1 കൊച്ചി നഗരസഭാ കൗൺസിലിന്റെ 30.06.2020ലെ 4-ാം നമ്പർ തീരുമാനം

2 നഗരകാര്യ ഡയറക്ടറുടെ 22/10/2020 ലെ ഡി.സി3-13415/2020നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ 2018-19 മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ സർക്കാർ നിർദ്ദേശ പ്രകാരം ഫെലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ വിവിധ തനത് കലാരൂപങ്ങൾ നഗരസഭാ പരിധിയിലെ നിവാസികൾക്ക് അഭ്യസിപ്പിച്ച് വരികയാണെന്നും, വനിതാ ദിനമായ 08/03/2020 നോടനുബന്ധിച്ച് മേൽ കലാകാരന്മാരുടെ ശിക്ഷണത്തിൽ വിവിധ കലകൾ അഭ്യസിച്ച വിദ്യാർത്ഥികളുടെ കലാപരിപാടി "ഉണർവ്" എന്ന പേരിൽ എറണാകുളം നോർത്ത് ടൗൺ ഹാളിൽ വച്ച് സംഘടിപ്പിച്ചിട്ടുള്ളതും പ്രസ്തുത കലാസന്ധ്യാ നടത്തിപ്പിന് 52,924/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും, ടി ചെലവ് പ്രൊജക്ടിൽ ഉൾപ്പെടുത്തി നൽകുന്നതിന് സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും , ചെലവഴിക്കുന്നതിനും, ടി പരിപാടിയുടെ സാധൂകരണത്തിനും, സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന്പരാമർശം 1 പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും, ആയതിനാൽ 2020 മാർച്ച് 8 -ാം തീയതി വനിതാ ദിനത്തിൽ "ഉണർവ്" എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ സാധൂകരണത്തിനും ടി പരിപാടിയുടെ ചെലവ് ഇനത്തിലുള്ള 52,924/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കൊച്ചി നഗരസഭയിൽ 2020 മാർച്ച് 8 -ാം തീയതി വനിതാ ദിനത്തിൽ 'ഉണർവ്' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ ചെലവ് ഇനത്തിലുള്ള 52,924/- (അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിനാല്.രൂപ മാത്രം) രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കൊച്ചി നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ